# രണ്ടാം ഉദയം

2019-2020



# TECHNICAL HIGHER SECONDARY SCHOOL

**(Managed by IHRD, A Government of Kerala Undertaking)**


Mallappally East, Pathanamthitta- 689 584

Ph: 0469-2680574, 2784994

Website : www.ihrd.ac.in

email: thssmallappally.ihrd@gmail.com

thssmallappallyihrd@gmail.com

THSSMALLAPPALLY

THSS MALLAPPALLY




### Principal

Mrs. Susan John

### Photography

Alpha J Cherian
Felix CJ

### Chief Editors

Abhijith R
Akash Harikumar
Akshara S Ashok
Alen Thomas
Alpha J Cherian
Ashish K
Felix CJ
Sreehari Rajeev
Sreebhavya M

### Staff Editors

Saiju Sir
Ambily Miss
Deepthi Miss

### Cover Design

Ashish K Ratheesh
Sreehari Rajeev

### Editorial Members

Aadhya T
Abhijith R
Adharsh P
Akash HK
Akshara
Alen Thomas
Alpha J Cherian
Ananthakrishnan K P
Anasuya
Ashish K
Athul K Anil
Dhanush S
Felix CJ
Jeeven Subhash
Jino G Mathew
Krupa Mary
Mahesh S
Midhun K
Samuel K
Shalan Josia
Siya
Sreebhavya
Sreehari Rajeev
Sthuthy Sabu




Mrs.SUSAN JOHN,
Principal,
Technical Higher Secondary School

# Message

The digital magazine,a novel venture , is a matter of pride for those involved in the making of it. The magazine is a reflection of the culture,attitude,creativity,imagination and the technical skills of the students .It gives me great pleasure to write this message of the digital magazine 'രണ്ടാം ഉദയം'. The first of its kind. I congratulate the studentartists,writers,poets,and technocrats and 'Kites' for this great initiative. Let this be a trendsetter so that we can see great digital magazines in the future. Let god almighty bless everyone who has contributed to make this magazine a wonderful piece of art.

# Our Little Kites Team













# ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് കുട്ടുകാർ തയ്യാറാക്കിയ മാഗസിൻ ‘ രണ്ടാം ഉദയം’ നിങ്ങൾക്ക് സമർപ്പിക്കുന്നു

ഓരോ വർഷവും ഒരു പിടി ഓർമ്മകൾ ബാക്കി വച്ചും പുതു വർഷത്തെക്കുറിച്ചുള്ള
പ്രത്യാശകൾ പേറിയുമാണ് .ഈ പുതുവർഷം ’രണ്ടാം ഉദയം’എന്ന മാഗസിൻ
വഴി എഴുത്തിന്റെ ലോകത്ത് ഒരു പുതിയ ജാലകം ഒരു പുതിയ ജാലകം തുറക്കുകയാണ് ഞങ്ങള്.ഇത്തരത്തിൽ ഒരു മലയാളം മാഗസീൻ തയ്യാറാക്കാൻ  സാധിച്ചത് എറ്റവും അഭിമാനകരമായ മൂഹൂർത്തങ്ങളിൽ ഒന്നാണ്.
വ്യത്യസ്ത അഭിരുചിയുള്ള അനേകം ആളുകളെ ഒന്നിച്ച് കൊണ്ടുപൊകാൻ
സാധിച്ചു എന്നത് വലിയൊരു നേട്ടമാണ്.

നമ്മുടെ ഈ മാഗസിന്റെ ഏറ്റവും വലിയ പ്രത്യേകത എന്നത് അധുനിക ഡിജിറ്റല് മേഖലയൂടെ സഹായത്താൽ ഇത് തയ്യാറാക്കി എന്നതാണ്. ഞങ്ങളുടെ സ്കൂളിലെ. ലിറ്റിൽ കൈറ്റ്സ് അംഗങ്ങലുടെ കൂട്ടായ കഠിന പ്രവർത്തനമാണ് ഇത് വിജയത്തിൽ എത്തിക്കാന് സഹായിച്ചത് പഠനത്തോടൊപ്പം തന്നെ ഇതിന്റെ പൂർത്തീകരണത്തിന് ഞങ്ങൾ ഒറ്റക്കെട്ടായി പ്രവര്ത്തിച്ചു   ‘രണ്ടാം ഉദയം‘എന്ന ഈ മാഗസിനിലൂടെ കണ്ണോടിക്കുന്ന ഓരോ വ്യക്തിക്കും മൂല്യമേറിയ ഒരു നിധിതന്നെ കിട്ടുമെന്ന വിശ്വാസത്തോടെ ഇത് നിങ്ങൾക്കായി നല്കുന്നു. ഈ മാഗസിനിലൂടെ ഒരു നല്ല യാത്ര ഞങ്ങൾ നിങ്ങൾക്ക് ആശംസിക്കുന്നു.

മാഗസിന് എഡിറ്റർസ്

# ഉള്ളടക്കം


- ഗാന്ധിജി പറഞ്ഞ വാക്കുകൾ
- മറഞ്ഞു പോയ് എൻ ദുഖം
- കാക്കശ്ശേരി ഭട്ടതിരി
- ഇനി എത്ര നാൾ
- മലയാളം
- പ്രകൃതി ഈശ്വരദാനം
- പുകവലിയെ പ്രതിരോധിക്കാം
- കഥകളി
- മലയാളി
- കോൽക്കളിപ്പാട്ട്
- ചിലത്
- സന്തോഷത്തിനു വേണ്ടി
- വരൾച്ച
- ടിന്റുമോൻ ജോക് സ്
- മടിപിടിച്ചാൽ ആപത്ത്
- യോദ്ധാവേ മടങ്ങുക
- മെസ്സി
- Drawings

ഞാൻ നിങ്ങൾക്കൊരു മാന്ത്രികസൂക്തം തരാം
നിങ്ങൾ സംശയഗ്രസ്തരാകുമ്പോഴോ അഹന്ത
നിങ്ങളിൽ അതിരുകവിയുമ്പോഴോ ഈ ഒരു
ഉപായം പരീക്ഷിച്ചുനോക്കിയാൽ മതി

നിങ്ങൾ ക ിട്ടുള്ളതിൽ വച്ച് ഏറ്റവും
ദരിദ്രനായ,നിസ്സഹായ മനുഷ്യൻ്റെ മുഖം
സങ്കൽപ്പിച്ചു നോക്കുക.എന്നിട്ടു നിങ്ങൾ
ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യം അയാൾക്ക്
ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന്
സ്വയം ചോദിച്ചു നോക്കുക.അതുകൊ ്
അയാൾക്ക് എന്തെങ്കിലും നേട്ടമു ാകുമോ ?
അയാൾക്ക് അയാളുടെ ജീവിതഭാഗധേയങ്ങളുടെ
മേൽ എന്തെങ്കിലും ഒരു നിയന്ത്രണം ഉ ാക്കി
ക്കൊടുക്കുമോ ? മറ്റൊരു രീതിയിൽ പറഞ്ഞാൽ,
നമ്മുടെ നാട്ടിൽ അദ്ധ്യാത്മികമായും
ശാരീരികമായും പട്ടിണികിടക്കുന്ന
കോടിക്കണക്കിന് ആളുകൾക്ക് സ്വരാജ്യം
നേടുന്നതിന് അത് സഹായകരമാകുമോ !

അപ്പോൾ സംശയങ്ങളില്ലാതാകുന്നതാകും
അഹന്ത അലിഞ്ഞുപോകുന്നതായും
നിങ്ങൾക്ക് അനുഭവപ്പെടും.

# മറഞ്ഞുപ്പോയി എൻ ദുഃഖം

മനസ്സിന്റെ മടിത്തട്ടിൽ ഉറങ്ങും
പൂപോൽ
മറഞ്ഞുപ്പോയി എന്നില് നിന്നും ആ
യൗവ്വനം
തീരാത്ത വേദനകള് തന്നു ആ
യൗവ്വനം
എന് മനസ്സില് തിങ്ങും ചെറിയൊരു
നൊമ്പരം
കാണാതെ അകലും
വിദൂരതയിലേക്ക്
തേങ്ങും ഹൃദയം എന്നില് നിന്നും
അറിയാതെപ്പോയ ആ സ്നേഹമാം
ബാല്യം
എന്നില് നിന്നു എങ്ങോ മറഞ്ഞു
സ്വപ്നം പോലെ എവിടെയ്ക്കോ
മറഞ്ഞു

അലൻ തോമസ്
IX

# കാക്കശ്ശേരി ഭട്ടതിരി

കോഴിക്കോട് സാമൂതിരിരാജാവിൻറെ കാലത്ത് തളിക്ഷേത്രത്തിൽവച്ച് വേദശാസ്ത്രപുരാണങ്ങൾ ആസ്പദമാക്കി വാദം നടത്തുന്ന പതിവു ാ യിരുന്നു. ജയിക്കുന്നവർക്ക് തമ്പുരാൻ കിഴികളും ബഹുമതികളും നൽകുമായിരുന്നു.

ഒരിക്കൽ പരദേശിപണ്ഡിതനായ ഉദ്ദണ്ഡശാസ്ത്രികൾ സാമൂതിരിയുടെ സഭയിലെത്തി. സകലരെയും വാദത്തിൽ തോൽപ്പിച്ച് കിഴികളെല്ലാം വാങ്ങി. അദ്ദേഹത്തിൻറെ യോഗ്യത ക ് തമ്പുരാൻ ശാസ്ത്രികളെ തൻറെകൂടെത്തന്നെ താമസിപ്പിക്കുകയു ായി. സ്വദേശികളായ പണ്ഡിതർക്കു നാണക്കേടായി. വളരെ ചെറുപ്പത്തിൽത്തന്നെ വാഗ്മിയും യുക്തിമാനുമായിത്തീർന്ന കാക്കശ്ശേരി ഭട്ടതിരിയെ ഉദ്ദണ്ഡശാസ്ത്രികളുമായുള്ള വാദത്തിൽ പങ്കെടുക്കാൻ ഭട്ടതിരി സഭയിലെത്തി.

തമ്പുരാൻ ഭട്ടതിരിയെ ക ിട്ട് ചോദിച്ചു : ''ഉണ്ണിയെന്തിനാണ് വന്നത്; വാദത്തിൽ ചേരാനാണോ ? ''അതെ.'' ഭട്ടതിരി പറഞ്ഞു. ഉടനെ ശാസ്ത്രി ഭട്ടതിരിയെ ഇങ്ങനെ പരിഹസിച്ചു : ''ആകാരോ ഹ്രസ്വഃ'' ഭട്ടതിരി പറഞ്ഞു. ഉടനെ ശാസ്ത്രി ഭട്ടതിരിയെ ഇങ്ങനെ പരിഹസിച്ചു. ''നഹി നഹി, ദീർഘഃ; അകാരോ ഹ്രസ്വഃ''

ഭട്ടതിരിയെ ക ിട്ട് കുട്ടിയാണല്ലോ എന്ന ഒരു പരിഹാസ ഭാവത്തിലാണ് ''ആകാരോ ഹ്രസ്വഃ '' എന്ന് ശാസ്ത്രികൾ പറഞ്ഞത് പരിഹാസഭാവത്തിലാണ്. 'ആകാരം ' എന്നത് 'ആ' എന്നുള്ള അക്ഷരമെന്ന അർത്ഥത്തിൽ ആണ് ഭട്ടതിരി ഉത്തരം പറഞ്ഞത്. ഈ യുക്തിയിൽ ശാസ്ത്രികൾ ലജ്ജിച്ചു പോയി. തുടർന്നുള്ള വാദങ്ങളിൽ ഭട്ടതിരി ശാസ്ത്രികളെ സമർത്ഥമായി തോൽപ്പിച്ച് കിഴികൾ സ്വന്തമാക്കിക്കൊ ിരുന്നു. അങ്ങനെ സ്വദേശിപണ്ഡിതരുടെ അഭിമാനം വീ ടുത്തു.

ബെനഡിക്റ്റ് സന്തോഷ്

# ഇനി എത്ര നാൾ

കെഞ്ചുന്ന  ഈ ധരണി നമ്മോടായി:

‘‘ജീവനെടുക്കരുതേ, മരണ പാശങ്ങളെ

അയയ്ക്കരുതേ  എന്നിലേക്ക്.

ജീവതുടുപ്പിതാ നിലയ്ക്കാറായി

മോഹനാംഗങ്ങൾ  ചലനമറ്റതാവാറായി‘‘

പ്രപഞ്ചത്തിലെ  ജീവാംശം നില
യ്ക്കുമോ?

അനശ്വര സൗന്ദര്യം നശ്വരമാകുമോ ?

ജീവതുടുപ്പ് നിലയ്ക്കുമോ;മാനുഷ

പ്രവൃത്തികളനുവദിക്കുമോ?

ശ്രീഹരി രാജീവ്

IX

# മലയാളം

എത്ര സുന്ദരം എത്ര സുന്ദരം
എൻറെ  മലയാളം
മുത്തുപവിഴങ്ങൾ കൊർത്തു
വെച്ചൊരു വർണ്ണ മാല്യംപോൽ
എത്ര സുന്ദരം എത്ര സുന്ദരം
എൻറെ മലയാളം
എന്ന് മാറോടുഞാൻ ചേർക്കുന്നു
എന്ന് മലയാളത്തെ
മാതാവിന് വാത്സല്യംപോൽ
എൻ മാതൃഭാഷയെ

നന്ദന സുരേഷ്
X

# പ്രകൃതി

## ഈശ്വരദാനം

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം ദ്രഢമാണെങ്കിൽ മാത്രമേ ജീവിതം സന്തോപ്രദമായിതീരുകയുള്ളൂ.അന്തസ്സായ ജീവിതത്തിന് വൃത്തിയായ പരിസരം അനിവാര്യമാണ്. മനുഷ്യൻ ഈ ഭൂമിയിൽ നിലനിൽക്കണമെങ്കിൽ പ്രകൃതിയുമായി ഒത്തുചേർന്ന്പോകണം. അതിരുവിട്ട ചൂഷണം പ്രകൃതിയുടെ ചിട്ടകൾ തകർക്കുകയും മനുഷ്യജീവിതത്തെപ്പോലും ബാധിക്കുകയും ചെയ്യുന്നു . പരിസ്ഥിതി എന്നാൽ ഒരു ജീവിയുടെ ജീവിതത്തെ ബാധിക്കുന്ന ജീവശാസ്ത്രപരമായ ഘടകങ്ങളുടെ സംയോജനമാണ്. പ്രകൃതി ഈശ്വരനിൽ നിന്നു ലഭിച്ച വരമാണ്. ആ വരദാനത്തെ പരിപാലിക്കാം.

ശ്രീഹരി രാജീവ്

IX

# പുകയിലയെ പ്രതിരോധിക്കാം

ലഹരി വസ്തക്കള് സങ്കീർണ്ണമായ സാമൂഹ്യപ്രശ്നങ്ങള് സ്രഷ്ടിക്കുന്നു.ആരോഗ്യം,സംസ്കാരം, സമ്പത്ത്,പഠനം, മനുഷ്യ ബന്ധങ്ങള് എന്നിവയെല്ലാം തകർത്തെറിയുന്ന ലഹരി വസ്ത്തുക്കളെ കണിശമായും വർജിക്കണം.

ലോകത്ത് പത്തിലൊരാള് എന്ന ക്രമത്തില് പ്രതി വർഷം അമ്പതുലക്ഷത്തോളം പേരുടെ  മരണത്തിന് കാരണമാകുന്ന അതീവ മാരകമായ ലഹരി പദാർഥമാണ് പുകയില.
പുകയിലയിൽ  ഒട്ടേറെ ദോഷകരവും മാരകവുമായ രാസവസ്തുക്കൾ അടങ്ങിയിരിക്കുന്നു.
നിക്കോട്ടിൻ,ടാർ,
ബെൻസൊപ്പെറിൻ,കാഡ്മിയം,അമോണിയ,ബെൻസീൻ എന്നിവയാണ് അവയില്
ചെറുത്

## പുകയിലയുടെ ദോഷഫലങ്ങള്

1. വിട്ടുമാറാത്ത ചുമ
2. രക്തചംക്രമണം,രക്തസമ്മർദം എന്നിവയിലുണ്ടാകുന്ന പ്രശ്നങ്ങള്
3. ഹ്രദ്രോഗം
4. നാവ,വായ,തൊണ്ട,കരള് എന്നിവയെ ബാധിക്കുന്ന ക്യാൻസർ
5. ശ്വാസകോശ രോഗങ്ങള്ക്കിരയാകും
6. വായ്ക്കുള്ളിലെ രോഗങ്ങളായ പെരിയോഡോണ്ടൈറ്റിസ്  ,പല്ലുകളിലെ നിറം മാറ്റം,പോടുകള്,അണുബാധ തുടങ്ങിയവ
7. പുകവലി ലൈംഗിക – പ്രത്യുല്പ്പാദനശേഷി കുറയ്ക്കുന്നു

# കഥകളി

സകല കലകളുടെയും സംഗമമായ കല.കലകളുടെ രാജാവ് എന്നിങ്ങനെയും അറിയപ്പെടുന്നു.കേരളത്തിൻറെ ഉദാത്ത നാട്യരൂപമായ കഥകളി പൊതുവെ നൃത്തനാട്യം എന്നും കേരളത്തിൻറെ തനത് കലാരൂപമായ കഥകളി വിശേഷിപ്പിക്കപ്പെടുന്നു.യൂറോപ്യന്മാർ ഇതിനെ സമഗ്യ നൃത്തം (THE TOTAL THEATRE) എന്നാണ് വിശേഷിപ്പിച്ചത്.കഥകളിയുടെ ആദ്യരൂപം രാമനാട്ടമാണ്.സാഹിത്യ രൂപം ആട്ടകഥയും.കോട്ടയത്തു തമ്പുരാനെയാണ് കഥകളിയുടെ ഉപജ്ഞാതാവായി കണക്കാക്കുന്നത്.

പച്ച,കത്തി,താടി,മിനുക്ക് തുടങ്ങിയവയാണ് കഥകളിയുടെ വേഷങ്ങള്.ചെണ്ട,മദ്ദളം,ചെങ്ങില,ഇലത്താളം,ശംഖ് തുടങ്ങിയവ കഥകളിയുടെ പ്രധാന വാദ്യോപകരണങ്ങളാണ് ലോകത്തിലെ എറ്റവും കട്ടിയുള്ള മേക്കപ്പ് എന്ന ഗിന്നസ് റെക്കോർഡ് നേടിയ കേരളിയ കലാരുപമാണ് കഥകളി.

അഭിജിത്ത്. ആർ. നായർ

IX

# മലയാളി

മാത്ര ഭാഷയെ മറക്കുന്ന മർത്യനെന്നതേ
മലയാളിതൻ  നവബിരുദം
പെറ്റമ്മയെ മറന്ന് പോറ്റമ്മയെ
സ്മരിക്കുന്ന മർത്ത്യനും ഇവനല്ലോ.....
അമ്മയെ മമ്മയാക്കുന്നവർ
മാത്രരാജ്യത്ത് മൈ -കണ്ട്രിയാക്കുന്നു
മാതാവും മാത്രഭൂമിയും എത്ര പഴഞ്ചൻ
ഏസും നോയും അറിയുന്നവർ കേമൻ
'ആ'യും 'ഇ'യും ഹേ, എത്ര ബോറ്
എ മുതല് ദ വരെ ചൊല്ലി പഠിപ്പിന് !

ഗൗതം തുളസി
X

# കോൽക്കളിപ്പാട്ട്

സമദവന് തന്നുടെകൃപയോടെ ഞങ്ങൾ
സഭതന്നില് വന്നിതശുക്രറോടെ
കരചരണങ്ങളിളക്കുന്ന-ഇന്ന്
കോൽക്കളിപ്പാട്ടുതുടങ്ങുന്നെ
ശറഫുറ്റചരിതങ്ങള് പാടുന്നെ-ഏറ്റം
ചിതമോടെചുവടുകള് വെക്കുന്നെ
തകൃതകതാളംതിമിർക്കുന്നെ-നബി
തുദരെമദ്ഹുകൾനീർത്തുന്നെ
മണിമക്കത്തുദിച്ചൊരുമലരാണുമുത്ത്
മഹുദ്അസ്റഫുൽഖല്ഖാണ്
സുകൃതരില് സലവാത്ത്ചൊല്ലുന്നെ-സുമ
സുരഭിലരാഗങ്ങള് പാടുന്നെ......

*അഫ്ലിൽ.ജി.തോമസ്*
*XII C*

# ചിലത്......

ചില സന്ധ്യകൾ ചോന്നു തുടുക്കാറില്ല....

ചില മുകിൽ മാലകൾ പെയ്തൊഴിയാറില്ല....

ചില രാത്രികൾ നിലാവു പൊഴിക്കാറില്ല....

ചില നേരം കാറ്റിനു ചന്ദന ഗന്ധമില്ല....

ചില മോഹങ്ങൾ സഫലമാകാറില്ല....

ചില നിമിഷങ്ങൾ മനസ്സിൽ നിന്നും-

മായാറില്ല....

ചില സത്യങ്ങൾ ആരും ഓർക്കാറില്ല...

ചില ചോദ്യങ്ങൾക്ക് ഉത്തരം

കിട്ടാറില്ല....

സാന്ദ്ര എൽസ രെഞ്ജി,

XII C

# സന്തോഷത്തിനു വേണ്ടി

എന്തൊരു ലോകമാണിതു നാഥാ...........
എവിടെയും സന്തോഷമില്ലഎവിടെയും
സമാധാനമില്ല
ദുഃഖങ്ങളും അസ്വസ്ഥതകളും മാത്രം
സ്നേഹവും സന്തോഷവും സമാധാനവും
എവീടെയും അടിച്ചമർത്തപ്പെടുകയുമാണ്.

സ്നേഹം തിരിച്ചറിയപ്പെടാതെപ്പോകുന്നു
എല്ലായിടത്തും എല്ലാവർക്കും എപ്പൊഴും
പ്രശ്നങ്ങള്
തമ്മിൽ  ഒരു പാട് സ്നേഹമാണെന്ന് കരുതിയവർ
പോലും തല്ലിപ്പിരിയുന്നു.
സ്നേഹത്തിൽ ബന്ധനം ചെയ്യപ്പെട്ട സൗഹ്രദത്തിൻ
പോലും മാറ്റ് കുറഞ്ഞിരിക്കുന്നു.
'ആർക്കും ആരെയും വിശ്വാസം ഇല്ല..........
'നമ്മൾ ഏറെ സ്നേഹിക്കുന്നവർ,
നമ്മൾ ഏറെ വിശ്വസിക്കുന്നവർ എല്ലാം
അകലങ്ങളിലേക്ക്
ഓടി മറയുന്നു

ഇനി ആരെ വിശ്വസിക്കും.....?
ആരെ സ്നഹിക്കും........?
എനിക്കു വേണ്ടത് സ്നേഹമാണ്.....
ആകാശത്തോളം ഉയരത്തിൽ.....കടലോളം
ആഴത്തിൽ......

എനിക്ക് സ്നേഹം വേണം...സന്തോഷം
വേണം..സമാധാനം
വേണം...
അമ്മിഞ്ഞപ്പാലിന്റെ നറു മണമുള്ള അമ്മയുടെ
സ്നേഹം
അധ്വാനത്തിന്റെ വിയർപ്പു കണങ്ങള് ഇറ്റുന്ന
അച്ഛന്റെ
സ്നേഹം കൈതാങ്ങിന്റെ ,തലോടലിന്റെ
കരുതലുള്ള
സഹോദര സ്നേഹം
ഇണക്കങ്ങളും പിണക്കങ്ങളും തീരാത്ത സ്നേഹം
അതെ...സ്നേഹം...അതാണെനിക്കാ വേണ്ടത്.

# വരൾച്ച

ഒരു നിർത്തുള്ളി കവിളിൽ തലോടി
മധുരാർദ്രമാം ഒരു ഗാനം കേൾക്കവെ
മന്ദഹാസം വിടർന്നെൻ മുഖമാകെ
എൻ ഹൃദന്തം വിരിഞ്ഞു ആ സപർശനത്തിൽ
എന്നും നീ വന്നീടും തിരികെ ?
നുറ്റാണ്ടുകള് താണ്ടി വരുന്ന കാലങ്ങള്
ഒരു ഒളത്തിനു സമയമായി പാഞ്ഞു പോകും ദിവസമെ,
തിർന്നുവോ , നിൻ കുടത്തിൽ വെള്ളം സ്വര മാന്യകെ
നീ എന്നു മിഴി ചിമ്മി യഥാർത്ഥ്യമായി വരില്ലേ

എന്നിനി നാം തമ്മിൽ കാണും സോദരി
ഞാൻ നിൽക്കുന്നു വാതിൽ പടീക്കെ
നീ വരുന്നതും കാത്തു കാത്ത്
ഈശ്വരൻ വിളി കേൾക്കാത്തതെന്തേ
എന്നും ഞാൻ ആശങ്കയിൽ മുഴുകവെ
മഴത്തുള്ളികൾ പൊഴിഞ്ഞു എൻ കരങ്ങളിൽ
വരൾച്ച പോയി എൻ വാതിൽ പടിക്കൽ നിന്ന് .......

ജെറുഷ മെറിൻ
X

# *TINTUMON JOKES*

*$.ടീച്ചർ : മനുഷ്യന് എത്ര വാരിയെല്ലുകൾ ഉണ്ട്?*
*ടിന്റുമോൻ : ഇതുവരെ എണ്ണാൻ പറ്റിയില്ല. എനിക്ക് ഭയങ്കര ഇക്കിളിയാ....*

*$.ടിന്റുമോൻ തൻറെ പരീക്ഷണശാലയിൽ തവളയുടെ ഒരു കാല് മുറിച്ചു.*
*"ചാടു തവളേ"*
*തവള ചാടി*
*രണ്ട് കാലും മുറിച്ചു*
*"ചാടു തവളേ"*
*തവള ചാടി*
*എല്ലാ കാലും മുറിച്ചു*
*"ചാടു തവളേ"*
*തവള ചാടിയില്ല*

അവസാനം ടിന്റുമോൻ ഒരു നിഗമനത്തിൽ എത്തി
തവളയുടെ എല്ലാ കാലവും മുറിച്ചാൽ അവയ്ക്ക് ചെവി കേൾക്കില്ലാ


*$.ടിന്റുമോനോട് കണക്ക് ടിച്ചർ : 1000 കിലോ എന്നാല് 1 ടൺ. എന്നാൽ 3000 കിലോയോ?*

*ടിന്റുമോന് : ടൺ... ടൺ...ടൺ....*

*$.ഇഷ്ടപ്പെട്ട പെണ്ണിനോട് ഇഷ്ടമെന്ന് പറയുമ്പോൾ, ഇഷ്ടമല്ലെന്ന് ആ ദുഷ്ട പറഞ്ഞാൽ, നഷ്ടപ്പെട്ടതിൻറെ വേദന കഷ്ടപ്പെട്ട് ഇഷ്ടപ്പെട്ടവനെ അറിയൂ*

*-കവി ടിന്റുമോൻ*

# TINTUMON JOKES




*$.ഫുഡ് പാത്തിൽ പശ വില്ക്കുന്ന ആൾ : എന്തു പൊട്ടിയാലും ഒട്ടിക്കും!*
*ടിന്റുമോൻ : പടക്കം പൊട്ടിയാൽ ഒട്ടിക്കുമോ...?*

*$.ടുണ്ടുമോൾ : ആനയാണോ വലുത് ഉറുമ്പോ?*

*ടിന്റുമോൻ : അങ്ങനെ വെറുതേ പറയാൻ പറ്റില്ല.Date of Birth നോക്കണം.*

*ഹരികൃഷ്ണന്.എ*

*XII C*

# മടിപിടിച്ചാൽ ആപ്പത്ത്

ഒരിടത്ത് ഒരു കുരങ്ങനുണ്ടായിരുന്നു .
അവന്റെ പേര് അച്ചു എന്നാണ്. അവന്റെ
ചങ്ങാതിയായ കിങ്ങിണി പൂച്ച മഹാ
അഹങ്കാരിയും , മടിച്ചിയുമായിരുന്നു .
അച്ചുവിനെ അവള് എപ്പൊഴും
കളിയാക്കാറുണ്ട്.

ഒരു ദിവസം കിങ്ങിണി അവളുടെ
മക്കള്ക്ക് കൊടുക്കാൻ ഒരു മീൻ
കൊണ്ടുവരികയായിരുന്നു.അപ്പോൾ
വഴിയിൽ മൂന്നു പുലികൾ
കിടക്കുന്നുണ്ടായിരുന്നു .അതു കണ്ട്
കിങ്ങിണി പേടിച്ച് വിറച്ചു .
മടി കാരണം അവള്ക്ക് മരം കയറാൻ
അറിയില്ലായിരുന്നു .അപ്പൊൾ അച്ചു
മരത്തില്
ഇരിക്കുന്നുണ്ടായിരുന്നു . അവൻ വേഗം
അവളുടെ
കൈപിടിച്ച് മരത്തിന്റെ മുകളിൽ
കയറാൻ

സഹായിച്ചു .മടി പിടിച്ചതു കൊണ്ടാണ് ഇങ്ങനെ പറ്റിയതെന്ന് അവൾക്ക് മനസ്സിലായി.

പിന്നിടൊരിക്കലും അവൾ ആരെയും കളിയാക്കിട്ടില്ല

*മീനുപ്രിയ എം*

***10 A***



# യോദ്ധാവേ മടങ്ങുക...

അന്ധകാരത്തിൻ ലോകത്തു നിന്ന്
അന്തരാത്മാവിൻ തേങ്ങലായ്
ഇന്നു നീ ഇഹലോകവാസം വെടിയുന്നു
കുരുക്ഷേത്ര ഭൂമിയിൽ നിന്നും
ഉയരുന്ന ദീപനാളങ്ങൾ ഇനി
നിൻ ജീവിത സാക്ഷ്യം
പുഷ്പാർച്ചനയും ആചാരവെടിയും
മുഴങ്ങിടും വന്ദേമാതരം എന്ന ശബ്ദവും
മടങ്ങുക ധീരയോദ്ധാവേ നിൻ
കർത്തവ്യം ഇന്നിവിടെ തീരുന്നു...

അഭിജിത്ത് പി. എസ്

IX

# മെസ്സി

ഒരു അർജന്റീനിയൻ പ്രൊഫഷണൽ ഫുട്ബോൾ കളിക്കാരനാണ് ലയണൽ മെസ്സി (ജനനം,ജൂൺ 24,1987).അർജന്റീന ദേശീയ ടീം. സ്പാനിഷ് പ്രീമിയർ ഡിവിഷൻ ക്ലബ്ബ് എഫ് സി ബാർസലോണ. എന്നീ ടീമുകൾക്കായാണ് അദ്ദേഹം കളിക്കുന്നത്. അദ്ദേഹം സ്പാനിഷ് പൗരത്വം നേടിയിട്ടുണ്ട്. തന്റെ തലമുറയിലെ ഏറ്റവും മികച്ച ഫുട്ബോൾ കളിക്കാരിൽ ഒരാളായി അദ്ദേഹത്തെ പരിഗണിക്കുന്നു.

**കളിച്ച ടീമുകൾ**

1994 – 2000 – ന്യുവെൽ ഓൾഡ് ബോയ്സ്

2001 – 2004 – ഫ്.സി. ബാർസിലോണ(ജൂനിയർ)

2003 – 2004 – എഫ്. സി. ബാർസിലോണ(സി)


2004 – 2005 – എഫ്. ഗി.ബാർസിലോണ(ബി)

2004 – എഫ്.സി. ബാർസിലോണ(എ)

ശ്രീഹരി രാജീവ്

IX



Tom......




ARDRA · B
VIII



Done By: Vaishnav. J
class: VIII


Athul Krishna
Std : VIII




# Be Friends.


by,
Lakshmi-Suresh.

# THANKS TO

# OUR

# LITTLE

# KITES TEAM